Draft #1 of File 90548/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 12-Aug-2021 11:02 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല**

90548/AC A1-2/2021/AC A 1 12.08.2021

**പരിപത്രം**

| | |
|---|---|
| വിഷയം:- | സ.ഉ.(സാധാ)നം.800/2021/ഉ.വി.വ തീയതി 17.06.2021 സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് :- |

സൂചന :-1)സ.ഉ.(സാധാ)നം.800/2021/ഉ.വി.വ തീയതി 17.06.2021

കോവിഡ് -19 വ്യാപനം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ഫീസ് വർധനവ്, അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളവും ഓണറേറിയവും വിതരണം ചെയ്യുന്നത് എന്നിവ സംബന്ധിച്ച് മാർഗനിർദേശങ്ങൾ നൽകിക്കൊണ്ട്, സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത ഉത്തരവിലെ നിർദേശങ്ങൾ സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും, പഠന വകുപ്പുകളിലും , സെന്ററുകളിലും പ്രാവർത്തികമാക്കേണ്ടതാണ്.

ഉള്ളടക്കം :-മേൽ സൂചന ഉത്തരവിന്റെ പകർപ്പ്

**കാഞ്ചന എൻ.നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ/സെന്ററുകൾ / അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /യൂണിവേഴ്സിറ്റി വെബ് സൈറ്റ് / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ/ എ.സി.എ 1

7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

File No.HEDN-K1/70/2021-HEDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി - സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ഫീസ്, വർദ്ധനവ്/ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശമ്പളം/ഓണറേറിയവും വിതരണം ചെയ്യുന്നത് - സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.800/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 17/06/2021

---

പരാമർശം:- 10.06.2020 ലെ സ.ഉ.(സാധാ) നം. 762/2020/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്

<u>**ഉത്തരവ്**</u>

സംസ്ഥാനത്ത് കോറോണ വൈറസ് (കോവിഡ്- 19 ) വ്യാപനത്തിന്റെ പശ്ചാതലവും സാമ്പത്തിക പ്രതിസന്ധിയും ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ അക്കാദമിക താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടിയും, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (സ്വാശ്രയ/സ്വകാര്യ), 2021-22 അധ്യയന വർഷത്തിലും, അഡ്മിഷൻ ഫീസ് ഉൾപ്പെടെയുള്ള ഫീസിനങ്ങളിൽ യാതൊരു വിധത്തിലുള്ള വർദ്ധനവും വരുത്തുവാൻ പാടില്ല എന്നും, എല്ലാ അധ്യാപക-അനധ്യാപക ജീവനക്കാർക്കും അവരുടെ മുഴുവൻ ശമ്പളവും/ഓണറേറിയവും സമയ ബന്ധിതമായി നൽകേണ്ടതാണ് എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C Ajayan
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**File No.HEDN-K1/70/2021-HEDN**

3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.

4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3

6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്

7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്. എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

8. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം